# എ.യു. പി എസ് കൊടക്കാട്

# അക്കാദമിക മാസ്റ്റർ പ്ലാൻ

## 2025-26



# എ.യു.പി.എസ് കൊടക്കാട്
## കൊടക്കാട് (പി.ഒ)
## പരപ്പനങ്ങാടി സബ്ജില്ല

# അക്കാദമിക മാസ്റ്റർ പ്ലാൻ

അക്കാദമിക വർഷം : 2025-26

ഹെഡ്മിസ്ട്രസ് : മുജീബ.കെ.കെ.

പി.ടി.എ. പ്രസിഡണ്ട് : മുസ്തഫ.കെ.ടി

എം.ടി.എ പ്രസിഡണ്ട് : സുമയ്യ.

സീനിയർ അസിസ്റ്റന്റ് : ചിത്രലേഖ.പി.ആർ

എസ്.ആർ.ജി. കൺവീനർ : പ്രബിത.എ.ടി.(യു.പി)
: ജിഷമോൾ. (എൽ.പി)

## ഉള്ളടക്കം

1. ആമുഖം

2. പൊതുലക്ഷ്യങ്ങൾ

3. വിദ്യാലയ ചരിത്രം

4. വിദ്യാലയം മികവിന്റെ കേന്ദ്രം

5. പദ്ധതി മികവിന്റെ കേന്ദ്രം

6. നിലവിലെ അവസ്ഥാ വിശകലനം

7. മികവിനായി ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ – ഒറ്റ നോട്ടത്തിൽ

8. പദ്ധതി വിശദാംശങ്ങൾ
(മേഖല, ഉപമേഖല, ലക്ഷ്യം, പ്രവർത്തനങ്ങൾ, കാലം, ചുമതല സാമ്പത്തിക വിശകലനം)

9. പ്രതീക്ഷിത നേട്ടങ്ങൾ

10. വിജയപഥം

11. മോണിറ്ററിംഗ്

12. ഉപസംഹാരം.

# അടിസ്ഥാന വിവരങ്ങൾ.

* വിദ്യാലയത്തിന്റെ പേര് : എ.യു.പി.എസ് കൊടക്കാട്
* വിലാസം : പി.ഒ. കൊടക്കാട്, ചെട്ടിപ്പടി
 മലപ്പുറം, പിൻ- 676319.
* ഫോൺ :
* സ്കൂൾ കോഡ് : 19448
* വിദ്യാഭ്യാസ ഉപജില്ല : പരപ്പനങ്ങാടി.
* വിദ്യാഭ്യാസ ജില്ല : മലപ്പുറം.
* റവന്യൂജില്ല : മലപ്പുറം.
* ബി. ആർ. സി. : പരപ്പനങ്ങാടി.
* സി. ആർ. സി : അരിയല്ലൂർ ജി. യു. പി. എസ്.
* ഗ്രാമപഞ്ചായത്ത് : വള്ളിക്കുന്ന്. (13-ാം വാർഡ്)
* ബ്ലോക്ക് പഞ്ചായത്ത് : തിരൂരങ്ങാടി.
* ജില്ലാ പഞ്ചായത്ത് : മലപ്പുറം.
* നിയമസഭാമണ്ഡലം : വള്ളിക്കുന്ന്.
* ലോകസഭാമണ്ഡലം : മലപ്പുറം.
* താലൂക്ക് : തിരൂരങ്ങാടി.
* വില്ലേജ് : അരിയല്ലൂർ.
* ഇ-മെയിൽ : aupskodakkad1926@gmail.com.

# ആമുഖം

പൊതു വിദ്യാലയങ്ങൾ മികവിന്റെ കേന്ദ്രങ്ങളായി മാറുന്നു. പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി, നമ്മുടെ പൊതുവിദ്യാലയങ്ങളെ ഗുണനിലവാരത്തിൽ മുൻപന്തിയിൽ നിർത്തുന്നതിന് ആവശ്യമായ അക്കാദമിക നടപടികൾ ആസൂത്രണം ചെയ്യുന്നതിനാണ് ഓരോ വിദ്യാലയവും മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നത്.

പൊതു വിദ്യാഭ്യാസത്തെ മികച്ച രീതിയിൽ മുന്നോട്ടു കൊണ്ടുപോകാനും, എല്ലാ കുട്ടികൾക്കും നിലവാരമുള്ള വിദ്യാഭ്യാസം ഉറപ്പാക്കാനുമാണ് ഈ മാസ്റ്റർ പ്ലാനിന്റെ പ്രധാന ലക്ഷ്യം.

വിദ്യാലയത്തെ കൂടുതൽ മെച്ചപ്പെടുത്തുന്നതിനും കുട്ടികളുടെ സമഗ്ര പുരോഗതിക്കുമായി ആസൂത്രണം ചെയ്തിരിക്കുന്ന ഈ അക്കാദമിക മാസ്റ്റർ പ്ലാൻ അതിന്റെ ഉദ്ദേശ്യങ്ങൾ നേടിയെടുക്കുമെന്ന ഉറപ്പോടെയും അഭിമാനത്തോടെയും സമർപ്പിക്കുന്നു.

## ഈ വർഷ പ്രവർത്തനങ്ങൾ

* എല്ലാ കുട്ടികൾക്കും അതാത് ക്ലാസ്സിൽ നേടേണ്ട പഠനശേഷികൾ കൈവരിച്ചു എന്ന് ഉറപ്പുവരുത്തുക.

* മലയാളം, ഇംഗ്ലീഷ്, അറബി ഭാഷകളിൽ എഴുതാനും വായിക്കാനുമുള്ള കഴിവ് ഉറപ്പുവരുത്തുക.

* വായന ഒരു സംസ്കാരമായി രൂപപ്പെടുത്തുന്നതിനാവശ്യമായ തരത്തിലുള്ള പ്രവർത്തനങ്ങൾ ഒരുക്കും.

* 1 മുതൽ 4 വരെയുള്ള ക്ലാസ്സിലെ മുഴുവൻ കുട്ടികൾക്കും അക്കാദമിക സപ്പോർട്ടിനായി പാഠഭാഗങ്ങൾക്കനുസൃതമായി വർക്ക് ഷീറ്റുകൾ ലഭ്യമാക്കും.

* മാലിന്യമുക്ത വിദ്യാലയം, ഹരിത പെരുമാറ്റച്ചട്ടം പാലിച്ച് സമ്പൂർണ്ണ പ്ലാസ്റ്റിക് നിരോധനം, ശുചിത്വം തുടങ്ങിയവ കൃത്യമായി നടപ്പാക്കൽ.

* കൃഷി, ഔഷധത്തോട്ടം, ഉദ്യാനം എന്നിവ മികച്ച രീതിയിൽ പരിപാലിക്കൽ.

* ലഹരി, മൊബൈൽ അഡിക്ഷൻ തുടങ്ങിയവയ്ക്കെതിരെ മുൻകരുതലുകൾ.

# വിദ്യാലയ ചരിത്രം

## കൊടക്കാട് എ.യു.പി. സ്കൂൾ

ഈ വിദ്യാലയം 1923 ൽ ചോയിമഠത്തിൽ പട്ടിക്കാനി എന്ന പുരാതന തറവാട്ടിലെ പത്തായപ്പുരയിലാണ് ആരംഭിച്ചത്. ഇത് തുടങ്ങാനുണ്ടായ സാഹചര്യം എന്തെന്നാൽ അക്കാലത്ത് വളാഞ്ചേരിക്കാരനായ പെരുഞ്ഞി നമ്പൂതിരി എന്ന അധ്യാപകൻ കുട്ടികളെ ട്യൂഷൻ എടുക്കാനായി വന്നതായിരുന്നു. അന്ന് ആ തറവാട്ടിലെ ഉത്സവദിവസമായിരുന്നു (മകരം 20). അവിടത്തെ കാരണവർ പൊരവൻകുട്ടി എന്ന ആളുടെ ഭാര്യ പാർവ്വതി എന്ന പാറു-കുട്ടിയമ്മ ഈ നാട്ടിലെ ആളുകൾക്ക് വിദ്യാഭ്യാസം കിട്ടുന്നതിനുള്ള എല്ലാ സഹകരണവും ചെയ്തു എന്നു മാത്രമല്ല ഈ തറവാടു തന്നെ അന്നത്തെ അധ്യാപകന് വിട്ടുകൊടുത്തു. സ്വന്തം മക്കളെയും കൂടെ മറ്റുള്ള കുറച്ചു കുട്ടികളെയും കൊടുത്തു കൊണ്ട് വിദ്യാലയം തുടങ്ങാനുള്ള പ്രവർത്ത-നങ്ങൾ ആരംഭിച്ചു. പിന്നീടങ്ങോട്ട് സ്കൂളിന് ഗവൺമെന്റ് അംഗീകാരം കിട്ടാനുള്ള ഓട്ടത്തിലാ-യിരുന്നു. അക്കാലത്ത് മഞ്ചേരിവരെ കൊടക്കാട് നിന്ന് കാൽനടയായി പോയി കോടതിയിൽ കയറി-

ഉണ്ണിയാണ് കാരണവരുടെ മകനായ സി.പി. മുണ്ടൻകുട്ടി മാസ്റ്റർ സ്കൂളിന്റെ അംഗീകാരം സർക്കാരിൽ നിന്നും നേടിയത്. 1926-ൽ സ്കൂളിന് അംഗീകാരം ലഭിക്കുകയും ഇപ്പോൾ സ്കൂൾ നിൽക്കുന്ന സ്ഥലത്തേക്ക് മാറ്റി സ്ഥാപിക്കുകയും ആ സ്ഥലം പള്ളിക്കോണി കാരണവർ സി.പി. പെരവൻകുട്ടി എന്ന വ്യക്തി സൗജന്യമായി സ്കൂളിന് വിട്ടുകൊടുക്കുകയും ചെയ്തു. ജാതിവ്യവസ്ഥ രൂക്ഷമായിരുന്ന കാലമായതിനാൽ നമ്പൂതിരി അധ്യാപകൻ ഭക്ഷണം സ്വയം പാകം ചെയ്യാൻ വേണ്ടി ശ്രമം നടത്തുകയും പള്ളിക്കോണി വീട്ടിലെ കളപ്പുരയിൽ വെച്ച് ഭക്ഷണം പാകം ചെയ്യുകയും പിന്നീടത് കഴിക്കുകയും ചെയ്തിരുന്നു. അക്കാലത്ത് സ്കൂളിന്റെ പേര് 'പൊന്നാനി ഹിന്ദുസ്കൂൾ' എന്നായിരുന്നു. പിന്നീട് കാട പോലുള്ള കുറേ ചെടികൾ നിറഞ്ഞ സ്ഥലമായതുകൊണ്ട് കൊടക്കാട് എന്ന പ്രദേശത്തിന് പേര് വരികയും 'കൊടക്കാട് എ.യു.പി സ്കൂൾ' എന്ന പേരായിത്തീരുകയും ചെയ്തു. പള്ളിക്കോണിയിലെ പത്തായപ്പുരയിൽ സ്കൂൾ സ്ഥാപിതമായ സമയത്ത് സി.കെ. നായർ എന്ന AEO അവിടെ വരികയും താഴെ തൊഴുത്തായതുകൊണ്ട് ചാണകത്തിന്റെ വാസന കുട്ടികൾ ശ്വസിക്കുമെന്നും അതിനായി വിജനമായ സ്ഥലത്തേക്ക് സ്കൂൾ മാറ്റി സ്ഥാപിക്കുകയാണെങ്കിൽ അംഗീകാരം തരാമെന്നും എഴുതിവെച്ചു പോയ ശേഷം ഇപ്പോൾ വിദ്യാലയം നിൽക്കുന്ന സ്ഥലത്തേക്ക് മാറ്റി സ്ഥാപിക്കുകയാണുണ്ടായത്.

വേലായുധൻ മാസ്റ്റർ, രാമൻകുട്ടി മാസ്റ്റർ, ചെറുണ്ണി മാസ്റ്റർ എന്നിവരായിരുന്നു ഏറ്റവും പുരാതന കാലത്തുണ്ടായിരുന്ന അദ്ധ്യാപകർ. പിന്നീട് പടിക്കോണി വീട്ടിലെ മുണ്ടൻകുട്ടി മാസ്റ്റർ, ഭാര്യ കാർത്ത്യായനി ടീച്ചർ, പാർവ്വതി ടീച്ചർ, ശങ്കരൻ മാസ്റ്റർ എന്നിവരും ജോലി ചെയ്തു. 1926-ൽ അംഗീകാരം കിട്ടിയശേഷം ഗ്രാന്റ് തുക 12 രൂപയായിരുന്നു. ഈ 12 രൂപയിൽ നിന്നാണ് അന്നത്തെ അദ്ധ്യാപകർക്ക്, സ്കൂൾ സ്ഥാപകനും അദ്ധ്യാപകനുമായ മുണ്ടൻകുട്ടി മാസ്റ്റർ ശമ്പളം കൊടുത്തുകൊണ്ടിരുന്നത്. 1945 വരെ സ്കൂൾ സ്ഥാപകരുടെ അധീനതയിലായിരുന്നു. ഗ്രാന്റ് കിട്ടുന്നതിനു മുമ്പ് ക്ഷേത്രത്തിലെ വിളക്ക് വിറ്റും അദ്ധ്യാപകർക്ക് ശമ്പളം കൊടുത്തതായി രേഖകളുണ്ട്. സ്കൂൾ ആരംഭിച്ച വർഷം ഓലമേഞ്ഞ 5-ാം തരം വരെയുള്ള ക്ലാസ്സ് മുറികളാണ് ഉണ്ടായിരുന്നത്. നിലം ചാണകം മെഴുകാൻ പടിക്കോണി കാരണവരുടെ ഭാര്യ പാർവ്വതിയമ്മ ചൊവ്വ, വെള്ളി ദിവസങ്ങളിൽ വരുമായിരുന്നു.

ഒരിക്കൽ സ്കൂൾ വിസിറ്റിനു വേണ്ടി AEO സി.കെ. നായർ വന്നു. അന്ന് വേനൽക്കാലമായതുകൊണ്ട് കുട്ടികൾക്ക് കുടിവെള്ളക്ഷാമം അനുഭവപ്പെട്ടപ്പോൾ മുണ്ടൻകുട്ടി മാസ്റ്റർ കുട്ടികളെ വീട്ടിലേക്ക് വിട്ടു. ഇപ്പോൾ ഇവിടെയുള്ള കിണർ അദ്ദേഹം കുഴിപ്പിച്ചതായിരുന്നു. ഈ സമയത്ത് മേഞ്ഞു നടന്നിരുന്ന കന്നുകാലികൾ സ്കൂളിൽ കയറിക്കിടക്കുകയും ചാണകമിടുകയും ചെയ്തു.

AEO ഓഫീസിൽ ഒരു ഗുമസ്തനാണ് അന്ന് ശമ്പ
ഉണ്ട് മഞ്ചേരിവരെ കാൽനടയായി പോയി കേസ്
നടത്തി അംഗീകാരം വാങ്ങിയ വിലപ്പെട്ട അംഗീ-
കാരം ഞങ്ങടെ നഷ്ടമായി. ഗ്രാന്റ് 12 രൂപയുള്ളത്
3½ രൂപയായി വെട്ടിച്ച് ഗവൺമെന്റ് കുറച്ചു.
ഞങ്ങടെ മുണ്ടുംകൂടി മാഷ് മാനസികമായി തള-
രുകയും രോഗിയായി മാറുകയും അന്ന് ചികിത്സ-
ക്കായി കോഴിക്കോട് പോവുകയും ചെയ്തു. അതേ
സമയത്ത് സ്കൂൾ നെല്ലിക്കോട് അച്യുതൻ എന്ന
ആളെ താൽക്കാലിക നടത്തിപ്പിനായി ഏൽപ്പിച്ചു.
അദ്ദേഹം സ്വന്തം പേരിൽ സ്കൂൾ മാറ്റിയെടുത്തു.
പിന്നീട് സ്കൂൾ ശങ്കരൻ മാസ്റ്ററുടെ അധീനതയി-
ലായി. ശങ്കരൻ മാസ്റ്റർ അത് ഉപ്പുംതറ
മാനേജരായ ഹസ്സൻ ഹാജിക്ക് വിൽക്കുകയും
ചെയ്തു. അന്ന് അമേരിക്കൻ ഗോതമ്പുറവയുടെ
ഉപ്പുമാവ് കുട്ടികൾക്ക് കൊടുത്തിരുന്നു. പിന്നീട്
കഞ്ഞിയും പയറുമായി.

ഇന്ന് . . . .

1990 മുതൽ അനുദിനം വളർന്നു കൊ-
ണ്ടിരിക്കുന്ന ഒരു സ്കൂളിൽ ഇന്ന് 23 യു.പി അധ്യാ-
പകരും 15 എൽ.പി അധ്യാപകരും അന-
ധ്യാപകരും അടങ്ങുന്ന സ്റ്റാഫുണ്ട്. ആയിരത്തോ-
ളം കുട്ടികൾ പഠിക്കുന്നുണ്ട്. സ്മാർട്ട് ക്ലാസ്സ്
റൂം എല്ലാം ഉള്ള ഏറ്റവും സൗകര്യമുള്ള സ്കൂളായി
മാറി. ഓലയും ഓടും മേഞ്ഞ കെട്ടിടങ്ങൾ മാറ്റി.

പള്ളം കോണത്തിൽ തൊടിക്കളരി വാനി ഉമ്പാനും
സാമാദ്നിനുമൊപ്പം ഓടയത്ത് ഓരചിത്രം, പാഠങ്ങളും
തൊട്ടുത്തുന്നു. സർക്കാരിൽ നിന്ന് പാഠം, ഒട്ട
പള്ളം ഉദിക്കുന്നു. ബാലികാമിയിലെ കുട്ടി പ്പു-
രോഗമനം ഞൊടിയിലെ ജനങ്ങളുടെ സന്തോഷം
പകരുന്നതാണ്. ഉണ്ണിയുമിനിയും സ്കൂൾ പുരോ-
ഗതിയിലേക്കിട പണ്ട് പാഠ്യങ്ങളിച്ചുകൊണ്ട്
ഉണ്ണിയു പഠിനിൽ തലിമ്പേരുന്നം ചെയ്ത
പള്ളിവരെയും സഹരിച്ചുകൊണ്ട് ഈ സ്കൂൾ
ചരിത്രം സമർപ്പിക്കുന്നു.

## നിലവിലെ ഭൗതിക വിശകലനം

വള്ളിക്കുന്ന് പഞ്ചായത്തിലെ പന്ത്രണ്ടാം വാർഡിൽ ഒള്ളണം കൂട്ടുമൂച്ചി റോഡിനു സമീപം സ്ഥിതി ചെയ്യുന്ന ഞങ്ങളുടെ വിദ്യാലയത്തിൽ ഒന്നു മുതൽ ഏഴുവരെ ക്ലാസ്സുകളിലായി 415 ആൺകുട്ടികളും 456 പെൺകുട്ടികളും പഠിക്കുന്നു. സ്കൂളിൽ ഒരു സംസ്കൃതം അധ്യാപകനും മൂന്ന് അറബി അധ്യാപകരും രണ്ട് ഹിന്ദി അധ്യാപകരും ഒരു കായിക അധ്യാപികയും ഒരു പ്യൂണും ഉൾപ്പെടെ 39 പേർ സേവനമനുഷ്ഠിക്കുന്നു.

34 ക്ലാസ്സ് മുറികളും ഒരു കമ്പ്യൂട്ടർ ലാബും സ്മാർട്ട് ക്ലാസ്സ് റൂമും ഓഫീസ് റൂമും സ്റ്റാഫ് റൂമും ഉൾപ്പെടെ 4 കെട്ടിടങ്ങളിലായി ഈ വിദ്യാലയം സ്ഥിതി ചെയ്യുന്നു. കൂടാതെ സ്റ്റേജും വിശാലമായ കളിസ്ഥലവും ആൺകുട്ടികൾക്കും പെൺകുട്ടികൾക്കുമായി പ്രത്യേകം ശുചിമുറികളും ഈ വിദ്യാലയത്തിൽ ഉണ്ട്. അത്യാവശ്യ സൗകര്യങ്ങളോടു കൂടിയ പാചകപ്പുരയും ഈ വിദ്യാലയത്തിലുണ്ട്.

കലാകായിക പ്രവൃത്തി പരിചയ മേളകളിൽ അഭിമാനകരമായ വിജയം കൈവരിക്കാൻ ഈ വിദ്യാലയത്തിലെ കുട്ടികൾക്കും സാധിച്ചിട്ടുണ്ട്. കലാമേളയിൽ സംസ്കൃതോത്സവത്തിൽ L.P, U.P വിഭാഗത്തിൽ ഒന്നാം സ്ഥാനം സബ്ജില്ലാ തലത്തിൽ നേടി.

## പ്രവർത്തനങ്ങൾ

* പിറന്നാൾ സമ്മാനം (പുസ്തകം, ചെടി)

ഈ പരിപാടിയിലൂടെ സ്കൂൾ ലൈബ്രറിയിലേക്ക് പുസ്തകം ശേഖരിക്കുന്നു. ചെടിയാണ് സമ്മാനിക്കുന്നതെങ്കിൽ ഉദ്യാനത്തിലേക്കും.

* വായന മൂല

ഒഴിവുസമയങ്ങളിൽ വായിക്കുവാൻ ഓരോ ക്ലാസ്സ് മുറികളിലും പ്രത്യേകം വായന മൂലകൾ.

* മാഗസിൻ

വിവിധ പ്രവർത്തനങ്ങൾ ഉൾക്കൊള്ളിച്ച് ക്ലാസ്സ് തല മാഗസിൻ ഒരുക്കൽ.

* അറിവോളം

പൊതുവിജ്ഞാനത്തെ ശക്തിപ്പെടുത്താനും മത്സരബുദ്ധി ഉണർത്താനും സഹായിക്കുന്ന ചോദ്യോത്തര മത്സരം. കുട്ടികൾക്കൊപ്പം രക്ഷിതാക്കൾക്കും മത്സരിക്കാൻ അവസരം ലഭ്യമാകുന്നു.

## പ്രശ്നങ്ങളും പരിമിതികളും

* ഭൂമിശാസ്ത്രപരമായ പ്രത്യേകത കാരണം രണ്ട് കിണറുകൾ ഉണ്ടെങ്കിലും വേനൽക്കാലത്ത് രൂക്ഷമായ ജലദൗർലഭ്യം അനുഭവപ്പെടുന്നു. ഈ സ്കൂളിൽ ജൈവവൈവിധ്യപാർക്ക്, ഔഷധത്തോട്ടം, പച്ചക്കറിത്തോട്ടം എന്നിവ ഒരുക്കുന്നതിന് തടസ്സമായി നിൽക്കുന്നു.

* ശാസ്ത്ര വിഷയങ്ങൾ കൈകാര്യം ചെയ്യുന്നതിന് പ്രത്യേക ലാബുകൾ, ലൈബ്രറിക്ക് പ്രത്യേക മുറി, കലാകായിക പ്രവൃത്തി പരിചയത്തിന് മുറി, പഠനത്തിനാവശ്യമായ മുറികൾ, സിക്ക് റൂം എന്നിവയുടെ അഭാവം ഈ സ്കൂളിലെ വിദ്യാർത്ഥികൾക്ക് സുഗമമായ പഠനാന്തരീക്ഷം ഒരുക്കുന്നതിൽ വിഘാതം സൃഷ്ടിക്കുന്നു.

* കുട്ടികൾക്ക് സൗകര്യപ്രദമായി ഇരുന്ന് ഭക്ഷണം കഴിക്കുന്നതിനായി ഒരു ഭക്ഷണശാല, ലേഡീസ് വേണ്ടി ടോയ്‌ലറ്റ്, എന്നിവ ഈ വിദ്യാലയത്തിൽ ഇനിയും ഒരുക്കേണ്ടതുണ്ട്.

* സ്കൂൾ കോമ്പൗണ്ടിൽ നല്ല സൗകര്യമുള്ള ഒരു ഓപ്പൺ ക്ലാസ്സ് റൂം നിലവിലുണ്ടായിരുന്നു. എങ്കിലും നവീകരണത്തിന്റെ ഭാഗമായി അത് പൊളിച്ചുമാറ്റി. അത് പുനഃസ്ഥാപിക്കേണ്ടതുണ്ട്.

# അക്കാദമിക് മാസ്റ്റർ പ്ലാൻ
## എൽ. പി. വിഭാഗം

# ആമുഖം

ഒന്നാം ക്ലാസിലെ കുട്ടികളുടെ സമഗ്ര വികസനമാണ് ഓരോ രക്ഷിതാവും അധ്യാപകരും ലക്ഷ്യം വയ്ക്കുന്നത്. എഴുത്ത് വായന വിവിധ വ്യവഹാര രൂപങ്ങൾ സ്വന്തമായി പ്രതികരണങ്ങൾ ചിത്രംവര, സംയുക്തഡയറി, ചിത്ര പുസ്തകം സ്വതന്ത്ര രചനകൾ എന്നിങ്ങനെ വിവിധ മേഖലകൾ കുട്ടി കൈവരിക്കേണ്ടത് ആയിട്ടുണ്ട്. അക്കാദമിക നേട്ടങ്ങൾ കൈവരിക്കുന്നതിനോടൊപ്പം കുട്ടികളുടെ ശാരീരി-കവും മാനസികവും വൈകാരികവുമായ നേട്ടങ്ങൾ കുട്ടി കൈവരിക്കാൻ ആവശ്യമായ ഇടപെടലുകളാണ് ലക്ഷ്യമി-ടുന്നത്. അക്കാദമിക മാസ്റ്റർ പ്ലാൻ വഴി ഭാഷയിലെ വിവി-ധതരം പ്രവർത്തനങ്ങൾ കുട്ടി സ്വയം സ്വായത്തമാക്കണം എന്നത് മുൻകൂട്ടി ഓരോ മാസവും വിവിധ പ്രവർത്തന-ഫലത്തിലൂടെ കുട്ടിയും രക്ഷിതാവും അധ്യാപികയും ഇറങ്ങി ചെല്ലുന്നു. സമഗ്ര ഗുണമേന്മ പദ്ധതിയുടെ ഭാഗമായാണ് അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിരിക്കുന്നത്. ഈ അധ്യയന വർഷത്തിൽ കുട്ടി രക്ഷിതാവ് അധ്യാപകർ മറ്റ് സഹായികൾ ഉൾപ്പെട്ടുകൊണ്ട് ജൂൺ മുതൽ മാർച്ച് വരെയുള്ള കാലയളവിൽ നടപ്പാക്കുന്നതും തുടർ പ്ര-വർത്തന സാധ്യതയുള്ളതുമായ വിവിധ പദ്ധതികൾ വില-യിരുത്തലിന് സാധ്യത ഒരുക്കി കൊണ്ടാണ് അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിട്ടുള്ളത്.

## ലക്ഷ്യങ്ങൾ

* രണ്ടാം ക്ലാസിലെ എല്ലാ കുട്ടികളെയും എഴുതാനും വായിക്കാനും സ്വയം വ്യവഹാരരൂപങ്ങളിൽ ഏർപ്പെടാനും കഴിവുള്ളവരാക്കുക.
* എല്ലാ കുട്ടികളെയും ലളിതമായ ബാലസാഹിത്യ കഥകൾ / കൃതികൾ വായിച്ച് ആശയം പങ്കിടാൻ കഴിവുള്ളവരാക്കുക.
* എല്ലാ കുട്ടികളും സ്വന്തം ആശയങ്ങൾ മറ്റുള്ളവരുടെ സഹായം ഇല്ലാതെ ലഘുവാക്യങ്ങളിൽ എഴുതി പ്രകടിപ്പിക്കാനുള്ള കഴിവ് നേടുമെന്ന് ഉറപ്പുവരുത്തുക.
* രക്ഷിതാവിന്റെയും അധ്യാപികയുടെയും സഹായത്തോടെ വിവിധ വ്യവഹാര രൂപങ്ങളിൽ ഏർപ്പെടൽ, അവ നവമാധ്യമങ്ങളിൽ പങ്കിടൽ.
* ലളിതമായ വായനാകാർഡുകൾ നിർമ്മിക്കുന്നു, വായിക്കുന്നു.
* കുട്ടികളെ എഴുത്തിന്റെ ലോകത്തേക്ക് എത്തിക്കുന്നതിനായുള്ള ലഘുരചനാ ശില്പശാലകൾ നടത്തുന്നു.
* ഡിജിറ്റൽ സാധ്യതകൾ വായന കേളികൾ എന്നിവ ഉപയോഗിച്ച് വായനയിലേക്ക് കുട്ടികളെ ആകർഷിക്കുന്നു.
* ലിപികൾ തിരിച്ചറിഞ്ഞ് മറ്റുള്ളവരുടെ സഹായത്തോടെ ലഘു കവിതകൾ, ചെറുകഥകൾ എഴുതുന്നു, വായിക്കുന്നു.
* കുട്ടികൾ തങ്ങളുടെ ആശയങ്ങൾ പങ്കിട്ട് ചെറുകഥാ പുസ്തകം രൂപപ്പെടുത്തുന്നു.
* സർഗ്ഗശേഷികൾ കൈവരിക്കുന്നു.
* ആത്മവിശ്വാസത്തോടെ സ്വതന്ത്രവായനയ്ക്ക് അവസരം ഒരുക്കുന്നു.
* ആശയം ഗ്രഹിച്ച് മറ്റ് വ്യവഹാര രൂപങ്ങളിലേക്ക് മാറ്റുന്നതിന് സാധ്യതകൾ ഒരുക്കുന്നു.

* [illegible] ചിത്രത്തിന് തിരിച്ചറി എന്നിവയിൽ ഏർപ്പെടുന്നു.
* കുഞ്ഞു ചിത്ര കഥാപുസ്തകങ്ങൾ സ്വയം നിർമ്മിക്കാൻ പ്രാപ്തി നേടുന്നു.
* സ്വതന്ത്രമായി എഴുതാനും വായിക്കാനും വിവിധ രചനകളിൽ ഏർപ്പെടാനും ശേഷിയുള്ളവരായി തീരുന്നു.
* രക്ഷിതാവിന്റെയും അധ്യാപികയുടെയും സഹായത്തോടെ നിർമ്മാണ ശിൽപശാലയിൽ ഏർപ്പെട്ടുകൊണ്ട് സചിത്ര പുസ്തകം തയ്യാറാക്കുന്നു.
* രക്ഷിതാവിന്റെയും അധ്യാപികയുടെയും സഹായത്തോടെ സംയുക്ത ഡയറി മെച്ചപ്പെടുത്തുന്നു.

# ജൂൺ

## പ്രവർത്തനങ്ങൾ

* സചിത്ര നോട്ട്ബുക്ക്, സചിത്ര അനുഭവം, അക്കാദമിക മാസ്റ്റർ പ്ലാൻ എന്നിവ തയ്യാറാക്കൽ.
* സചിത്രഡയറി, സംയുക്തഡയറി എന്ന ആശയം രക്ഷിതാക്കളെ ബോധ്യപ്പെടുത്തുക.
* അക്കാദമിക മാസ്റ്റർ പ്ലാൻ അവതരണം.
* ചിത്ര കാർഡുകൾ, വായന കാർഡുകൾ നിർമ്മാണ ശില്പശാല.
* താളാത്മകമായി ചെറു കവിതകൾ ചൊല്ലൽ.

## ജൂലൈ

### പ്രവർത്തനങ്ങൾ

* സംയുക്ത ഡയറി എഴുതാൻ സഹായം ഒരുക്കൽ.
* കുട്ടിക്ക് കഥ പറയാൻ അവസരം ഒരുക്കൽ.
* വായന മൂല, ക്ലാസ് ലൈബ്രറി ഒരുക്കൽ.
* രക്ഷിതാവിന്റെ സഹായത്തോടെ സംയുക്തഡയറി എഴുതുന്നു.
* പുസ്തകങ്ങൾ തൊട്ടറിയാനും നിരന്തരം എടുത്തു നോക്കാനും അവസരം ഒരുക്കൽ.
* ചെറിയ കഥകൾ കേൾക്കാൻ അവസരം ഒരുക്കുന്നു.
* അക്ഷരപ്പാട്ടുകൾ നൽകി ആവർത്തിച്ചു വരുന്ന അക്ഷരങ്ങൾ ഉറപ്പിക്കുന്നു.
* ചിത്ര വായനയ്ക്ക് അവസരം ഒരുക്കുന്നു. വാചികമായി പറയാനും അവസരം നൽകുന്നു.

## ഓഗസ്റ്റ്

### പ്രവർത്തനങ്ങൾ

* റീഡേഴ്സ് തീയേറ്റർ, നിർമ്മാണ ശില്പശാല, പാട്ടരങ്ങ്, മലയാളം മധുരം പ്രവർത്തനങ്ങൾ.
* ഭാഷാ വികസനത്തിന് അവസരം ഒരുക്കുന്നു.
* സംയുക്ത ഡയറി എഴുത്ത് തുടരുന്നു.
* പാഠപുസ്തകത്തിലെ രചനകൾ ഭാവാത്മകമായി അവതരിപ്പിക്കുന്നു.
* ഭാവാത്മക വായനയിലേക്ക് കുട്ടികളെ നയിക്കുന്നു.

* ഭാഷാ ശേഷി വർദ്ധിപ്പിക്കുന്നതിനായി അക്ഷരപ്പാട്ടുകൾ ചിത്ര വായന കാർഡുകൾ എന്നിവ തയ്യാറാക്കുന്നു അവതരിപ്പിക്കുന്നു.

* രചനോത്സവത്തിൽ കുട്ടികൾ സ്വതന്ത്ര രചനകൾ നടത്താൻ കൈത്താങ്ങ് നൽകുന്നു.

* അഭിനയ ഗാനത്തിലൂടെ വ്യവഹാര രൂപങ്ങളിൽ ഏർപ്പെടുന്നു.

English

The goal for the first grader is to handle English fluently. The first grader must go from small words to big words. They must be able to read, write and speak English. Every child should be able to speak English fluently, like Malayalam. We have to keep the language English close to our heart.

# Objectives & Learning outcomes

* Respond to simple instructions in the classroom.
* Describe orally about the pictures and objects.
* Familiarise with simple words.
* Enjoy songs and sing them with Rhythm and action.
* Familiarise the names of birds, animals, their young ones and identifies them from pictures.

JUNE

* Introduce symbol words
* Provide picture cards.

JULY

* Identify familiar words
* Say familiar words
* Read familiar words
* Write familiar words.

AUGUST

* Enjoy songs and sings them with Rhythm and action.
* Describes orally about pictures and objects using adjectives.
*

# അക്കാദമിക മാസ്റ്റർ പ്ലാൻ

## ക്ലാസ് 1

## ഗണിതം

ഗണിത ക്രിയകളിൽ ഏർപ്പെടുമ്പോൾ ഉണ്ടാകുന്ന-താണ് ദിനചര്യകളിലും, ക്ലാസ്സ്മുറികളിലും ഇത് ഇതര പ്രവർ-ത്തനങ്ങളിലും ആശയബോധം നേടിയെടുക്കുമ്പോൾ ഗണിത പിൻതള്ളി പോകാതെ മുഖ്യധാരയിൽ എത്തിക്കുന്ന-തിനാണ് നമ്മൾ ശ്രമിക്കേണ്ടത്. ഇതിനായി ഒന്നാം ക്ലാസിൽ നിന്നുതന്നെ ~~ഞ~~ നമുക്ക് തുടങ്ങാം. ഗണിത പ്രവർത്തനങ്ങൾ ലളിതമാക്കുന്നതിനായി പാട്ടുകളിലൂടെയും, കളികളി-ലൂടെയും നമ്മുടെ ലക്ഷ്യങ്ങളെ കൈപ്പിടിച്ചു കൊണ്ടു പോകാം. ഗണിതം രസകരവും, ആസ്വാദ്യകരവുമാക്കാം.

ശേഷികൾ

* ഒന്ന് മുതൽ അഞ്ച് വരെയുള്ള സംഖ്യകൾ എണ്ണുന്നു എഴുതുന്നു

* അഞ്ച് വരെയുള്ള എണ്ണങ്ങളെ എടുക്കൽ, കൂട്ടം ചിത്രങ്ങൾ, കുറവ് എന്നിങ്ങനെ വിശദീകരിക്കുന്നു.

* അഞ്ച് വരെയുള്ള സംഖ്യകളെ വ്യാഖ്യാനിക്കുന്നു.

* ഒറ്റ സംഖ്യകൾ എണ്ണി എടുക്കുന്നു എഴുതുന്നു വായിക്കുന്നു.

* ഒമ്പതിൽ താഴെ വരെയുള്ള വ്യത്യസ്ത സംഖ്യകളിൽ ഒരു സംഖ്യയോട് എന്ന കൂട്ടിയാൽ ലഭിക്കുന്ന വലിയ സംഖ്യ കിട്ടും എന്ന് കണ്ടെത്തി പറയുന്നു.

* സംഖ്യകളെ ആരോഹണ - അവരോഹണ ക്രമത്തിൽ ആക്കുന്നു.

* രണ്ട് ഒറ്റ സംഖ്യകളുടെ സങ്കലനം

* രണ്ട് ഒറ്റ സംഖ്യകളുടെ വ്യവകലനം

* ഒറ്റ സംഖ്യകളുടെ വ്യാഖ്യാനം

* ഒന്ന് മുതൽ 20 വരെയുള്ള സംഖ്യകൾ എണ്ണുകയും എഴുതുകയും വായിക്കുകയും ചെയ്യുന്നു

## ജൂൺ

* സംഖ്യകൾ തിരിച്ചറിയുന്നു, പറയുന്നു
* സംഖ്യാ കാർഡ് നിർമ്മിക്കൽ

## ജൂലൈ

* ഗണിത പഠനത്തിന് സഹായകമായ തരത്തിൽ വസ്തുക്കൾ ഉപയോഗിച്ച് ഗണിതകിറ്റ് തയാറാക്കുന്നു.
* സംഖ്യാ കാർഡ് നിർമ്മിക്കുന്നു.

## ഓഗസ്റ്റ്

* ഒന്ന് മുതൽ 20 വരെയുള്ള സംഖ്യകൾ തിരിച്ചറിയുന്നു.
* കൂടുതൽ, കുറവ് തിരിച്ചറിയുന്നു.
* ഗണിത കിറ്റിലെ സാധനങ്ങൾ ഉപയോഗിച്ച് ഗണിത പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു.

# അക്കാദമിക മാസ്റ്റർ പ്ലാൻ മലയാളം

std 2

പൊതു വിദ്യാഭ്യാസത്തെ മുഖ്യധാരയിലെത്തിക്കാൻ കുട്ടികളിൽ ഭാഷാ വികാസം, വൈജ്ഞാനിക മേഖല, സർഗാത്മക മേഖല, വൈകാരിക മേഖല എന്നി മേഖലയിൽ കുട്ടിയുടെ ശേഷി പരിഗണിച്ചാണ് ക്ലാസ്സ് മാസ്റ്റർപ്ലാൻ തയ്യാറാക്കുന്നത്. കുട്ടികൾക്ക് ശേഷി വികസനങ്ങൾ നൽകി കൊണ്ട് ഓരോ കുട്ടിയുടേയും സന്തോഷപ്രദമായ വികാസമാണ് ഈ വർഷം ലക്ഷ്യമിടുന്നത്. എല്ലാ വിഷയത്തിലും നൈപുണി നേടി ഒരു നല്ല വിദ്യാഭ്യാസത്തിന്റെ ഉടമയായി ഓരോ കുട്ടിയും എല്ലാ തലത്തിലും മികവുറ്റവരായി തീരണം എന്നതാണ് ലക്ഷ്യം.

## പ്രവർത്തന ലക്ഷ്യങ്ങൾ.

* രണ്ടാം ക്ലാസിലെ ഓരോ കുട്ടിയും സന്ദർഭത്തിനനുസരിച്ച് സ്വന്തം ഭാഷയിൽ ആശയങ്ങൾ എഴുതിയും പറഞ്ഞും അവതരിപ്പിക്കുന്നതിനുള്ള ശേഷി നേടുന്നതിന്.
* രണ്ടാം ക്ലാസിലെ എല്ലാ കുട്ടികളുടേയും ആശയഗ്രഹണ വായന ഉറപ്പാക്കുക.
* ക്ലാസിലെ എല്ലാ കുട്ടികളുടേയും ആശയഗ്രഹണ വായന ഉറപ്പാക്കുക. അതോടൊപ്പം തെറ്റുകളില്ലാതെ ക്ലാസ് നിലവാരത്തിലുള്ള വ്യവഹാര രൂപങ്ങൾ തയ്യാറാക്കാൻ കഴിവുള്ളവരാക്കുക.
* വർഷാവസാനം സ്വതന്ത്രമായ ലേഖനത്തിൽ ഏർപ്പെടുകയും വ്യക്തിഗതമായ രചനകളിൽ ഏർപ്പെടുകയും ചെയ്യുക.

* ചിത്രത്തെ ആസ്പദമാക്കി സംഭാഷണം, ലഘുവിവരണം, കഥ എന്നിവ തയ്യാറാക്കുന്നു.
* ആശയം, ഈണം, താളം എന്നിവ പരിഗണിച്ച് വരികൾ കൂട്ടിച്ചേർത്ത് കവിതകൾ എഴുതുകയും ചൊല്ലുകയും ചെയ്യുന്നു. (കവിതാ പൂരണം)

മുന്നൊരുക്കം:

* പ്രീടെസ്റ്റ് നടത്തുന്നു. എല്ലാ തലങ്ങളിൽ ഉള്ള കുട്ടികളെയും കണ്ടെത്തുന്നു.
* കുട്ടിയുടെ നിലവിലുള്ള അറിവ്, കഴിവുകൾ, പരിമിതികൾ എന്നിവ CPTA നടത്തി എല്ലാ മേഖലയും പിന്നുന്ന കുട്ടിക്ക് ലഭ്യമാകുന്നതിനുള്ള അവസരങ്ങളൊരുക്കുന്നു.

ജൂൺ

* ചിത്രകാർഡുകൾ നൽകൽ. (ചിത്രവും പദവും ഉൾക്കൊണ്ട്)
* ഭാഷണത്തിന് ക്ലാസിൽ അവസരമൊരുക്കൽ.
* വായനാ സാമഗ്രികൾ നിർമ്മിക്കൽ.
* വായനയും എഴുത്തും വികസിപ്പിക്കാനുള്ള തന്ത്രങ്ങൾ വികസിപ്പിക്കൽ.

ജൂലൈ

* ഭാഷയുമായി ബന്ധപ്പെട്ട ICT സാധ്യത ഉപയോഗിക്കുന്നു.
* ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് വായനയുടേയും എഴുത്തിന്റെയും സാധ്യത ഉപയോഗിക്കുന്നു.
* സ്കൂൾ ലൈബ്രറി, ക്ലാസ് ലൈബ്രറി എന്നിവ സജ്ജീകരിക്കുന്നു.

നേട്ടം

* ക്ലാസ് ലൈബ്രറി പ്രവർത്തനക്ഷമമാകുന്നു

* രക്ഷിതാക്കളുടെ സഹായം ഉറപ്പുവരുത്തുന്നു.

* വീട്ടു ലൈബ്രറി ഒരുക്കുന്നു.

* ചിത്ര വിവരണം.

* കൂടുതൽ വായനാ സാധ്യതകൾ ഉറപ്പു വരുത്തുന്നു.

വ്യത്യസ്ത വ്യവഹാര രൂപങ്ങൾ ഉണ്ടാകുന്നു.

അക്കാദമിക മാസ്റ്റർ പ്ലാൻ - ഗണിതം

ക്ലാസ് - 2

രണ്ടാം ക്ലാസ് ഗണിതപാഠങ്ങൾ കുട്ടികളിൽ അടിസ്ഥാന സംഖ്യാബോധവും ഗണിതചിന്തയും വളർത്തുകയാണ് ലക്ഷ്യമിടുന്നത്. സംഖ്യകൾ തിരിച്ചറിയൽ, കൂട്ടിച്ചേർക്കൽ, കുറയ്ക്കൽ, രൂപങ്ങൾ, അളവ്, സമയം, പണം തുടങ്ങിയ തരം പാഠങ്ങൾ ജീവിത അനുഭവങ്ങളുമായി ബന്ധപ്പെടുത്തി അവതരിപ്പിക്കുന്നു.

ഗണിതം കുട്ടികൾക്ക് രസകരമാക്കാൻ ഗണിത കിറ്റ്, സചിത്ര നോട്ട്ബുക്ക് കളിയിലൂടെയുള്ള പഠനം എന്നിവ ഉപയോഗിക്കുന്നു. അവരുടെ സ്വന്തം ചിന്തയ്ക്കും പ്രശ്നപരിഹാര ശേഷിക്കും പ്രാധാന്യം നൽകുന്നു. രക്ഷിതാക്കളുടെ പങ്കാളിത്തം ഉറപ്പാക്കുന്നതിലൂടെ ഗണിതവിഷയത്തിലെ ആഴത്തിലുള്ള അറിവും ആത്മവിശ്വാസവും കുട്ടികൾക്ക് കൈവരിക്കാൻ കഴിയുന്നു.

ജൂൺ

## യൂണിറ്റ്-1 :- അടുക്കളയിലെ രൂപങ്ങൾ

പഠനലക്ഷ്യങ്ങൾ :-

→ ചുറ്റുമുള്ള വസ്തുക്കൾ നിരീക്ഷിച്ച് വിവിധ രൂപങ്ങൾ (ദ്വിമാന, ത്രിമാന) തിരിച്ചറിയുക.

→ വ്യത്യസ്ത വരകൾ തിരിച്ചറിയുക.

→ രൂപങ്ങൾക്ക് നിറം നൽകി പാറ്റേണുകൾ നിർമ്മിക്കുക.

→ വിവിധ രൂപങ്ങൾ ചേർത്ത് പുതിയ ചിത്രങ്ങൾ രൂപീകരിക്കുക.

→ രൂപങ്ങൾ വരയ്ക്കുകയും നിർമ്മിക്കുകയും ചെയ്യുക.

| പ്രവർത്തനം | കാലയളവ് |
| --- | --- |
| * ക്ലാസ്സിൽ ലഭ്യമായതും ചുറ്റുപാടുമുള്ള വിവിധ വസ്തുക്കൾ (ഉദാ: പുസ്തകം, പെൻസിൽ ബോക്സ്, പന്ത്, ക്യൂബ്) കാണിക്കുകയും അവയുടെ രൂപങ്ങൾ (ത്രികോണം, ചതുരം, വൃത്തം, സമചതുരം, ദീർഘചതുരം, വൃത്ത ക്യൂബ്, ഗോളം, സിലിണ്ടർ) തിരിച്ചറിയാൻ സഹായിക്കുകയും ചെയ്യുന്നു. ദ്വിമാന, ത്രിമാന രൂപങ്ങൾ തമ്മിലുള്ള വ്യത്യാസം ഉദാഹരണങ്ങളിലൂടെ വിശദീകരിക്കുന്നു. | 2025 ജൂൺ ആദ്യ രണ്ടാഴ്ച |

* നേർരേഖകൾ, വളഞ്ഞ രേഖകൾ, തിരശ്ചീന വരകൾ, ലംബ വരകൾ, ചരിഞ്ഞ വരകൾ എന്നിവ ചിത്രങ്ങളിലൂടെയും വരച്ചും പരിചയപ്പെടുത്തുന്നു.

* വിവിധ രൂപങ്ങൾ വരച്ച് അവയ്ക്ക് നിറം നൽകി ആവർത്തിച്ച് പാറ്റേണുകൾ ഉണ്ടാക്കാൻ പ്രേരിപ്പിക്കുന്നു. (ഉദാ:- ചതുരം, ത്രികോണം, ചതുരം പാറ്റേൺ)

* അടിസ്ഥാന രൂപങ്ങളായ ത്രികോണം, ചതുരം, വൃത്തം എന്നിവ ഉപയോഗിച്ച് വീട്, കാർ, പൂക്കൾ തുടങ്ങിയ പുതിയ ചിത്രങ്ങൾ ഉണ്ടാക്കാൻ പ്രേരിപ്പിക്കുന്നു. പേപ്പർ കട്ടിംഗിലൂടെയും ഉണ്ടാക്കാൻ പഠിപ്പിക്കുന്നു.

* പേപ്പർ കട്ടിംഗ്, ഫോൾഡിംഗ് എന്നിവയിലൂടെ വിവിധ രൂപങ്ങൾ നിർമ്മിക്കാനും വരയ്ക്കാനും പരിശീലിപ്പിക്കുന്നു.

## യൂണിറ്റ്-2 : ഒളിച്ചേ കണ്ടേ

### പഠനലക്ഷ്യങ്ങൾ

→ നിത്യജീവിതവുമായി ബന്ധപ്പെട്ട് 50 വരെയുള്ള സംഖ്യകൾ ഉൾപ്പെട്ട സന്ദർഭങ്ങൾ വിശകലനം ചെയ്യുന്നു.

→ 50 വരെയുള്ള സംഖ്യകൾ രൂപീകരിക്കുകയും വായിക്കുകയും എഴുതുകയും ചെയ്യുന്നു.

| പ്രവർത്തനം | കാലയളവ് |
|---|---|
| * നിത്യജീവിതത്തിലെ സാഹചര്യങ്ങൾ (ഉദാ: ക്ലാസ്സിലെ കുട്ടികളുടെ എണ്ണം കളിപ്പാട്ടങ്ങളുടെ എണ്ണം) ഉപയോഗിച്ച് സംഖ്യകൾ പരിചയപ്പെടുത്തുന്നു. സംഖ്യാ കാർഡുകൾ ഉപയോഗിച്ച് സംഖ്യാബന്ധങ്ങൾ പഠിപ്പിക്കുന്നു. ലളിതമായ ഗണിത പ്രശ്നങ്ങൾ (കൂട്ടിച്ചേർക്കൽ, കുറയ്ക്കൽ) നിത്യജീവിത സാഹചര്യങ്ങളിൽ ഉൾപ്പെടുത്തി നൽകുന്നു.<br>* 1 മുതൽ 50 വരെയുള്ള സംഖ്യകൾ എഴുതാനും വായിക്കാനും പരിശീലനം നൽകുന്നു. സംഖ്യാ കാർഡുകൾ ഉപയോഗിച്ച് സംഖ്യകൾ രൂപീകരിക്കാൻ പ്രോത്സാഹിപ്പിക്കുന്നു. | 2025 ജൂൺ അവസാന ആഴ്ച |

## യൂണിറ്റ് : 3 :- നല്ല നാടിനായ്, നല്ല നാളേക്കായ്

### പഠനലക്ഷ്യങ്ങൾ

→ നിത്യ ജീവിതവുമായി ബന്ധപ്പെട്ട് 200 വരെയുള്ള സംഖ്യകൾ ഉൾപ്പെട്ട ആശയങ്ങൾ വിശകലനം ചെയ്യുന്നു.

→ 200 വരെയുള്ള സംഖ്യകൾ രൂപീകരിക്കുകയും വായിക്കുകയും എഴുതുകയും ചെയ്യുന്നു.

| പ്രവർത്തനം | കാലയളവ് |
| --- | --- |
| * 50-ൽ കൂടുതൽ സംഖ്യകൾ (51-200 വരെ) എണ്ണാനും വായിക്കാനും എഴുതാനും പരിശീലിപ്പിക്കുന്നു. സംഖ്യാശ്രേണികൾ പൂരിപ്പിക്കാനും വലിയ സംഖ്യകളിൽ ചെറിയ സംഖ്യകൾ കൂട്ടിച്ചേർക്കാനും കുറയ്ക്കാനും പരിശീലനം നൽകുന്നു.<br>കടകളിലെ സാധനങ്ങളുടെ വില, ദൂരം തുടങ്ങിയ നിത്യ-ജീവിത സാഹചര്യങ്ങൾ ഉപയോഗിച്ച് സംഖ്യകൾ പഠിപ്പിക്കുന്നു. | ജൂലൈ |

* 51 മുതൽ 200 വരെയുള്ള സംഖ്യകൾ തിരിച്ചറിയാനും വായിക്കാനും എഴുതാനും കുട്ടികൾ പരിശീലനം നൽകുന്നു.

യൂണിറ്റ്: 4 :- സമ്മാനപ്പൊതി

പഠനലക്ഷ്യങ്ങൾ

→ നിത്യജീവിതവുമായി ബന്ധപ്പെട്ട ലഘുവായ പ്രായോഗിക പ്രശ്നങ്ങളിൽ ഏർപ്പെട്ട് പരിഹാരം കണ്ടെത്തുന്നു.

→ നോട്ടുകളും നാണയങ്ങളും. നിത്യജീവിതത്തിൽ ഇവയുടെ ആവശ്യകത ബോധ്യപ്പെടുന്നു.

→ 100 രൂപ ചില്ലറയാക്കുന്നു, ഏതെ പണത്തിന്റെ നോട്ടുകൾ വേണ്ടിവരും എന്ന് കണ്ടെത്തുന്നു.

| പ്രവർത്തനം | കാലയളവ് |
| --- | --- |
| * ലഘുവായ വായന ഗണിത പ്രശ്നങ്ങൾ (വസ്തുക്കളിലൂടെ കണക്കുകൾ) നൽകി പരിചയിക്കാൻ പ്രോത്സാഹിപ്പിക്കുന്നു. (ഉദാ: 5 ചോക്ലേറ്റുകൾ ഉണ്ടായിരുന്നു, 2 എണ്ണം കഴിച്ചു, ബാക്കി എത്ര?)<br>* വിവിധതരം നോട്ടുകളും നാണയങ്ങളും (കളിപ്പണമായി) പരിചയപ്പെടുത്തുന്നു. അവയുടെ മൂല്യം തിരിച്ചറിയാൻ സഹായിക്കുന്നു. കടയിലെ സാധനങ്ങൾ വാങ്ങുന്നതും വിൽക്കുന്നതും അഭിനയിക്കാൻ അവസരം നൽകുന്നു.<br>* 100 രൂപയുടെ നോട്ട് നൽകി 10 രൂപയുടെ എത്ര നോട്ടുകൾ വേണമെന്ന് കണ്ടെത്തുന്നതുപോലുള്ള ചില്ലറയാക്കൽ പ്രവർത്തനങ്ങൾ കളിപ്പണം ഉപയോഗിച്ച് ചെയ്യിക്കുന്നു. | ദാസ്റ്റ് |

യൂണിറ്റ് 5 : ഒന്നായ് ചേരാം,
നന്നായി വരാം

പഠനലക്ഷ്യങ്ങൾ

→ 100 വരെയുള്ള സംഖ്യകൾ തുകയായി വരുന്ന രണ്ട് രണ്ടക്ക സംഖ്യകളുടെ സങ്കലനം മനക്കണക്കായി ചെയ്യുന്നു.

→ തുക 200 വരെ വരുന്നതും രണ്ടക്ക സംഖ്യകൾ മാത്രം ഉൾപ്പെടുന്നതുമായ പ്രായോഗിക പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് സങ്കലനക്രിയ ഉപയോഗിക്കുന്നു.

| പ്രവർത്തനം | കാലയളവ് |
|---|---|
| * രണ്ടക്ക സംഖ്യകളുടെ സങ്കലനം (കൂട്ടിച്ചേർക്കൽ) മനക്കണക്കായി ചെയ്യാൻ പരിശീലിപ്പിക്കുന്നു. (ഉദാ: 25+30, 40+15). സംഖ്യാ കാർഡുകൾ, മണികൾ എന്നിവ ഉപയോഗിച്ച് കൂട്ടിച്ചേർക്കൽ പരിശീലനം നൽകുന്നു. | സെപ്റ്റംബർ |

* നിത്യജീവിതത്തിലെ
സങ്കലന പ്രശ്നങ്ങളെ (പാഠ്-
കട്ടിലുള്ള കണക്കുകൾ)
തനിയെ പരിഹരിക്കാൻ
പ്രോത്സാഹിപ്പിക്കുന്നു,
ഒന്നാം പെട്ടിയിൽ 40
പേനകളുണ്ടെങ്കിൽ ആകെ
എത്ര പേന?)

# ENGLISH

## Objectives

- Enable all children to communicate confidently in english.
- provide opportunities for expression in english
- prepare for independent reading.
- prepare for free writing.
- Utilize technical education opportunities for English language development.
- Utilize the potential of the illustrated notebook to aquire basic language skills through the method of presentation of ideas.
- Simple english books in the 7th grade reading room and school library.
- plan production workshops with the help of parents to prepare the resources needed to present lessons in the Hello english model.

Aim: To Speak Read & Write English without any mistake.

Time : June, July, August

June

pretest

To develop listening Skills & reading Skills first

Listening Skills

Games, Action Songs Hello English activities

2 conversation, Skit Stories.

use ICT

Speaking Skills

Discriptions, growing Sentences, picture reading

picture description Self introduction Assembly.

Activities: speech, book review, quiz riddles
Self introduction school radio etc...

July. August

Reading Skills

News paper reading, library books, reading book review, reading breaking news find word, collect and read past tense, rhyming words describing words etc... Text book

activities

writing Skills

Make word web, picture description word chain, setence chain. make words & sentees make riddles, conversations Add more lines develop story description notice

Proclamation diary letter, Announcement

Magazines.

English assembly

objectives

For expressions in english giving a chance

activities

One day a week the children themselves present the entire assemply program in english.

English diary

objectives

To improve english writing in english.

activities

write about your daily experience at home and school in english.

# അക്കാദമിക മാസ്റ്റർപ്ലാൻ - ഗണിതം

ക്ലാസ് : 3

നിത്യജീവിത സന്ദർഭങ്ങളിലെ മൂന്നക്ക സംഖ്യകളുടെ സങ്കലനക്രിയ ഉൾക്കൊള്ളുന്ന പ്രായോഗിക പ്രശ്നങ്ങൾ വിശകലനം ചെയ്ത് നിർധാരണം ചെയ്യുന്നതിനുള്ള ശേഷി കൈവരിക്കുന്നതിന് മൂന്നാം ക്ലാസിൽ ലക്ഷ്യമിടുന്നു. രണ്ട് മൂന്നക്ക സംഖ്യകളുടെ സങ്കലനക്രിയ ചെയ്യുന്നതിനുള്ള വ്യത്യസ്ത വഴികൾ പരിചയപ്പെടാനും സന്ദർഭാനുസരണം സംഖ്യകളെ സ്ഥാനവിലക്ക് അനുസരിച്ച് പിരിച്ചെഴുതി സങ്കലനക്രിയ ഉപയോഗിച്ച് നിർധാരണം ചെയ്യാനും ലക്ഷ്യമിടുന്നു. മനഗണിതത്തിനു പ്രാധാന്യം നൽകിയിട്ടുള്ള പ്രവർത്തനങ്ങളുടെ സാധ്യതകളും ഉൾപ്പെടുത്തിയിട്ടുണ്ട്.

നീളം അളക്കുന്നതിനുള്ള ഏകകങ്ങളായ സെന്റിമീറ്റർ മീറ്റർ എന്നിവ പരിചയപ്പെടുന്നതിന് അവസരം ഒരുക്കിയിരിക്കുന്നു. സ്കെയിൽ, ടേപ്പ് എന്നിവ ഉപയോഗിച്ച് നീളം കൃത്യമായി അളക്കാൻ ഉള്ള അവസരമാണ്

നിർമ്മിക്കാൻ സഹായകമാണ്. ഈ യൂണിറ്റുകൾ വായിച്ചെടുത്ത പരിസ്ഥിതിയും കണ്ടെത്താൻ പ്രായോഗിക പ്രശ്നങ്ങളുടെ നിർധാരണത്തിലൂടെ അവസരം ഒരുക്കിയിട്ടുണ്ട്. അളവുകൾ ഉപയോഗിച്ചു പറയുന്നതിനും നിത്യം കൃത്യമായി അളക്കുന്നതിനും ധാരാളം അവസരങ്ങൾ ഉണ്ട്.

9 വരെ സംഖ്യകളുമായി ബന്ധപ്പെട്ട ഗുണന വസ്തുതകൾ സംബന്ധിച്ച ധാരണ ഉറപ്പിക്കുന്നതിന് ലക്ഷ്യമിടുന്നു. പ്രായോഗിക പ്രശ്നങ്ങളും യൂണിറ്റിൽ അവതരിപ്പിക്കുന്നു. ഗുണന ചിന്തയോടൊപ്പം ഹരണ ചിന്താ പ്രവർത്തനങ്ങളും ഉൾപ്പെടുത്തിയിട്ടുണ്ട്.

ജൂൺ - ജൂലായ്.

യൂണിറ്റ് - 1

രൂപങ്ങൾ വരക്കാം. വിവിധ ആകൃതികൾ കാണിക്കൽ

ലക്ഷ്യം - നിത്യജീവിതത്തിലെ വിവിധ ആകൃതികളിൽ ... കണ്ണിലൂടെ ഭാവനയിൽ ജ്യാമിതീയ രൂപങ്ങൾ നിർമ്മിക്കൽ

പ്രവർത്തനങ്ങൾ - ജ്യാമിതീയ രൂപങ്ങൾ തിരിച്ചറിയൽ, പേരുകൾ മനസ്സിലാക്കൽ

ചതുരം വട്ടം ത്രികോണം എന്നീ രൂപങ്ങൾ തിരിച്ചറിഞ്ഞ് വേർതിരിക്കൽ ഗോപുരം നിർമ്മാണം, തൊപ്പി നിർമ്മാണം (കളർ $A_4$) ആശംസ കാർഡ് നിർമ്മാണം.

വെണ്ടയ്ക്കയിൽ പ്രിന്റിംഗ്, ഗണിത രൂപങ്ങൾ ഉപയോഗിച്ച് വിവിധ ചിത്രങ്ങൾ ആക്കാൻ ചിത്രപതിപ്പ്

ചതുരം വട്ടം ത്രികോണം എന്നീ രൂപങ്ങൾ ചേർത്ത് വച്ച് ഇഷ്ടമുള്ള രൂപങ്ങൾ നിർമ്മിക്കൽ.

- ചിത്രപാഠങ്ങൾ പരിചയപ്പെടൽ
- അനുഭവിക്കാൻ ഉപയോഗിച്ചുള്ള ഗണിതരൂപങ്ങൾ നിർമ്മിക്കൽ

## ലക്ഷ്യം 2

ഒന്നാം ക്ലാസിലെ മുഴുവൻ കുട്ടികൾക്കും 1 മുതൽ 200 വരെയുള്ള സംഖ്യകൾ പറയുക, വായിക്കുക, എഴുതുക എന്നീ ശേഷികൾ ഉറപ്പിക്കൽ.

| പ്രവർത്തനം | കാലയളവ് |
| --- | --- |
| - **കളം നിറക്കാം**<br>1 മുതൽ 100 വരെയുള്ള കളം ബോർഡ് ഉപയോഗിച്ച് സംഖ്യകളെ സ്ഥാനക്രമത്തിൽ നിരീക്ഷിച്ചറിഞ്ഞ് സംഖ്യകളുടെ യഥാസ്ഥാനത്ത് ക്രമീകരിക്കുക. | ജൂലായ് |
| - **നറുക്കെടുക്കാം.**<br>സംഖ്യകൾ എഴുതിയ നറുക്ക് കുട്ടികൾക്ക് നൽകുന്നു.<br>കിട്ടിയ സംഖ്യ വായന<br>മുമ്പുള്ളവർ സംഖ്യ എഴുതൽ. | |
| - **10 ചങ്ങാതിമാർ**<br>സംഖ്യ നറുക്ക് എടുക്കുന്നു.<br>കിട്ടിയ നറുക്കിലെ സംഖ്യ വായിച്ച ശേഷം തുടർന്ന് വരുന്ന 10 സംഖ്യകൾ എഴുതാൻ അവസരം. | ആഗസ്റ്റ് – സെപ്റ്റംബർ |
| · **പാറ്റേൺ പൂർത്തിയാക്കാം.**<br>വിവിധ സംഖ്യ പാറ്റേൺ പൂർത്തിയാക്കൽ. | |
| - **ക്രമപ്പെടുത്താം**<br>· വ്യത്യസ്ത സംഖ്യകൾ നൽകുന്നു.<br>ആരോഹണക്രമം അവരോഹണക്രമം എഴുതൽ. | ഒക്ടോബർ |

## ലക്ഷ്യം – 3.

ഒന്നാം ക്ലാസിലെ മുഴുവൻ കുട്ടികൾക്കും 3 അക്ക/4 അക്ക സംഖ്യകളെ വ്യാഖ്യാനിക്കാനുള്ള ശേഷി ഉറപ്പിക്കൽ.

പ്രവർത്തനം

- പഠനോപകരണം
- സംഖ്യാ സങ്കല്പം

ഓരോ കാർഡിലും അക്കങ്ങൾ എഴുതി
1 മുതൽ 100 വരെ എഴുതിയ ടോക്കൺ
കാർഡ്ബോർഡുകൾ

കളർ മാർക്കറുകൾ

സംഖ്യാ സ്ട്രിപ്പുകൾ

അബാക്കസ് നിർമ്മാണം.

ലക്ഷ്യം: 4

ഒന്നാം ക്ലാസിലെ കുട്ടികൾക്ക്, പ്രായോഗിക പ്രശ്നങ്ങൾ പരിഹരിക്കാനുള്ള ശേഷി ഉറപ്പിക്കാൻ അവസരം ഒരുക്കൽ. | സമയം 10 മിനിറ്റ്

പ്രവർത്തനം.

ക്ലാസിൽ ഒരു കട - കച്ചവടക്കാരൻ
- കുട്ടികളുടെ ബുക്ക്, പേന, പെൻസിൽ
ചോക്ക്, സോപ്പ് etc. ചേർത്ത് അവയ്ക്ക്
വിലനൽകി കട ക്രമീകരിക്കൽ.
- റോൾ, നാണയ മാതൃകകൾ ക്രമീകരിക്കൽ
- ആവശ്യമുള്ളവ അളന്നെടുക്കുന്നു.
- കുട്ടികൾ ഉപയോഗപ്പെടുത്തി വാങ്ങുന്നു. കടക്കാരനും ഉപഭോക്താവും
കുട്ടികൾ തന്നെ. | ഒരു മണിക്കൂർ
- സാധനം വാങ്ങുകയും പണം (കറൻസി)
കൈകാര്യം ചെയ്യുകയും ചെയ്യുന്നു.
- ഗണിതപരമായ പ്രശ്നങ്ങൾ അധ്യാപകൻ,
സഹായത്തോടെ പരിഹരിക്കൽ.

ലക്ഷ്യം : 4

ആറാം ക്ലാസിലെ മുഴുവൻ കുട്ടികൾക്കും ചതുഷ്ക്രിയകൾ ഉറപ്പിക്കാൻ.

| പ്രവർത്തനം | കാലയളവ് |
| --- | --- |
| സംഖ്യാചക്രം.<br>സംഖ്യാചക്രം കറക്കി രണ്ടു സംഖ്യകൾ തെരഞ്ഞെടുക്കുന്നു.<br>അവ തമ്മിലുള്ള സങ്കലനം, വ്യവകലനം ഗുണനം, ഹരണം<br>ഭാഗ്യവാനെ കണ്ടെത്താം.<br>ബോർഡിൽ ഒരു സംഖ്യ എഴുതിയിടുന്നു. വിവിധ ക്രിയകൾ അടങ്ങിയ നമ്പറുകൾ കുട്ടികൾക്ക് തെരഞ്ഞെടുക്കാൻ അവസരം നൽകുന്നു. ക്രിയ ചെയ്ത് ഉത്തരം കണ്ടെത്തൽ ബോർഡിലെ സംഖ്യയുമായി ഒത്തുനോക്കൽ ഭാഗ്യശാലിയെ കണ്ടെത്തൽ.<br>ജോഡി കണ്ടെത്താം.<br>വിവിധ ക്രിയകൾ അടങ്ങിയ ചിത്ര ചാർട്ടിൽ പ്രദർശിപ്പിക്കുന്നു. കുട്ടികൾക്ക് സംഖ്യ നമ്പറുകൾ തെരഞ്ഞെടുക്കാൻ അവസരം നൽകുന്നു. കുട്ടികൾക്ക് കിട്ടിയ സംഖ്യ ചാർട്ടിലെ ഏതു ക്രിയയുടെ ഉത്തരമാണെന്ന് കണ്ടെത്തി കളത്തിൽ ചേർക്കുന്നു. | ഒക്ടോബർ - മാർച്ച്. |

അക്കാദമിക മാസ്റ്റർ പ്ലാൻ    പരിസരപഠനം
ക്ലാസ് : 3

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് |
|---|---|---|
| ചുറ്റുപാടുമുള്ള | **ആവാസം ജൈവ പരിസരവും** | |
| സസ്യങ്ങളെ അവയുടെ ചുറ്റുപാടുകൾക്കനുസരിച്ച് ജീവികളെയും വ്യത്യാസങ്ങളും നിരീക്ഷിക്കുന്നതിലൂടെ നിരീക്ഷിച്ചറിഞ്ഞ് സസ്യങ്ങളുടെ നാനാത്വത്തെക്കുറിച്ചും ജൈവവൈവിധ്യത്തെക്കുറിച്ചും ആസ്വദിക്കുകയും ചെയ്യുക. | ജൈവ വൈവിധ്യ ഉദ്യാന സന്ദർശനം<br>സസ്യങ്ങളെ നിരീക്ഷിക്കൽ.<br>പ്രത്യേകതകൾ ക്രോഡീകരിച്ച് തരം തിരിക്കൽ.<br>മരങ്ങൾ കുമ്പിളുകൾ പരിശോധിക്കുന്ന സസ്യങ്ങളുടെ വളർച്ച തിരിച്ചറിയൽ മനസ്സിലാക്കൽ.<br><br>**പൂന്തോട്ടം ഒരുക്കാം**<br>- സ്കൂൾ പൂന്തോട്ട നവീകരണം<br>- വീട്ടിൽ പൂന്തോട്ടം നിർമ്മിക്കൽ | ജൂൺ - ജൂലൈ |
| പരിസ്ഥിതിസൗഹൃദ മനോഭാവം വളർത്തിയെടുക്കുക<br>ശാസ്ത്രവിഷയത്തിൽ താൽപര്യവും ആഭിമുഖ്യവും വളർത്തുക. | **പ്രകൃതി നടത്തം.**<br>ചുറ്റുപാടുമുള്ള ജീവജാലങ്ങളെ നിരീക്ഷിക്കാം.<br>പ്രത്യേകതകൾ മനസ്സിലാക്കാം.<br>വിവിധ ആവാസ വ്യവസ്ഥകൾ അടുത്തറിയാം<br>ജീവികളുടെ പരസ്പരാശ്രയത്വം ചർച്ച<br>നമുക്ക് ചുറ്റുപാടുമുള്ള വിസ്മയം<br>പ്രയോജനം തിരിച്ചറിയാം.<br>പ്രകൃതിക്ക് ഭീഷണിയാകുന്ന മനുഷ്യന്റെ ചില ഇടപെടലുകൾ മനസ്സിലാക്കാം. - ഡോക്യുമെന്ററി പ്രദർശനം<br>വീട്ടിൽ പൂന്തോട്ടം പരിപാലിക്കൽ | ജൂൺ - ഒക്ടോബർ<br><br>ജൂൺ - മാർച്ച് |

ഒരു തൈ നടാം.

പരിസ്ഥിതി ദിന ഗാനം ആലപിച്ച്
വൃക്ഷത്തൈ നടീൽ
വൃക്ഷത്തൈ പരിപാലിക്കൽ

പോസ്റ്റർ നിർമ്മാണം.

പ്രകൃതി സംരക്ഷണ പോസ്റ്റർ
തയ്യാറാക്കൽ

സമ്മാനം.

പ്രവേശനോത്സവത്തിൽ വെച്ച്
കുട്ടികൾക്ക് സമ്മാനം വിതരണം ചെയ്യാം.

കുട്ടികളെ
വ്യക്തിശുചിത്വ
പരിസര ശുചിത്വ
ബോധമുള്ളവരാ
ക്കുക.

നിത്യകൃത്യങ്ങൾ.

രാവിലെ നിത്യവും പ്രഭാതകൃത്യങ്ങൾ
കഴിഞ്ഞ് സ്കൂളിൽ വരുന്ന
ശേഷം ക്ലാസ് മുറികളിലും
ശുചീകരിക്കുന്നു.
കുട്ടികളെ ശുചിത്വ ശീലങ്ങൾ
നിത്യജീവിതത്തിലും പരിശീലിപ്പിക്കുന്നു.
അതോടെ ശുചിത്വം ശീലമാക്കുന്നു.

ക്ലാസ് തലത്തിൽ ശുചിത്വബോധനം.
വ്യക്തിശുചിത്വം ക്ലാസ്റൂം പരിസര
ശുചിത്വം എന്നിവയെക്കുറിച്ച്
ബോധവൽക്കരണം നൽകുന്നു.

പരിസര ശുചീകരണം.

സ്കൂൾ പരിസരം വൃത്തിയാക്കൽ
പ്ലാസ്റ്റിക് മാലിന്യം ശേഖരിക്കൽ
ചെടികൾ നനയ്ക്കൽ

## [illegible]

ശാസ്ത്രജ്ഞരെ അടുത്തറിയാം.
ചരിത്രങ്ങളിൽ പഠിക്കാം.

## ഫീൽഡ് ട്രിപ്പ്

നമ്മുടെ നാട്ടിലെ പരിസ്ഥിതിയെ അടുത്തറിയാനായി ഫീൽഡ് ട്രിപ്പ് സംഘടിപ്പിച്ചിരുന്നു.

## പരീക്ഷണങ്ങൾ

ശാസ്ത്രകൗതുകം വളർത്തുന്ന പരീക്ഷണങ്ങളിൽ ഏർപ്പെടുന്നു.

ശാസ്ത്ര പ്രതിഭകളെ അടുത്തറിയാം.

ശാസ്ത്രമാസികകൾ.

# അക്കാദമിക് മാസ്റ്റർ പ്ലാൻ

## നാലാം ക്ലാസ്

- ജി യു പി എസ് കൊടക്കാട്

ലക്ഷ്യം:- നാലാം ക്ലാസ്സിലെ വിദ്യാർത്ഥികൾക്ക് ഭാഷയിലും, ഗണിതത്തിലും പരിസരപഠനത്തിലും സമഗ്രവും, ആസ്വാദ്യകരവുമായ പഠനം ഉറപ്പാക്കുക. ഓരോ കുട്ടിയുടെയും വ്യക്തിഗതകഴിവുകൾ തിരിച്ചറിഞ്ഞ് അവ പരിപോഷിക്കുക.

പൊതുതത്ത്വങ്ങൾ:-

- കളികളിലൂടെയും, പ്രവർത്തനങ്ങളിലൂടെയുമുള്ള പഠനം.
- സർഗ്ഗാത്മകതയ്ക്കും സ്വയം പഠനത്തിനും പ്രാധാന്യം.
- സാമൂഹികവും, പാരിസ്ഥിതികവുമായ അവബോധം വളർത്തു
- സാങ്കേതിക വിദ്യയുടെ ഫലപ്രദമായ ഉപയോഗം.
- കുടുംബത്തിന്റെയും, സമൂഹത്തിന്റെയും പങ്കാളിത്തം ഉറപ്പാക്കുക.

# CLASS-4 - ENGLISH

1 Learning objectives-

- Enhance reading comprehension skills
- Improve grammar and vocabulary
- Develop writing skills - paragraph, story, and letter writing
- strengthen listening and speaking abilities through activities and presentations.
- Foster love for reading through storybooks and poems

2. Monthly Breakdown.

JUNE

Topics :- Introducing, Introduction, Reading Habits, Alphabet Revision.

Activities / Assessment :- Reading sessions, vocabulary games.

JULY

Topics :-

UNIT-1 - Beyond Fear.

Reading passage, new words, simple sentence formations. etc.

JULY

Grammar Noun & pronoun
writing Describing a brave moment

Activities/ Assessment :- worksheet on nouns, Roleplay

AUGUST

UNIT 2 Voices of Unison
Reading and character discussion

Activities/ Assessment :- picture compositions.

SEPTEMBER

Grammar :- verbs, Adjectives
writing :- Dialogue writing.

Activities/ Assessment :- Story writing competition, Recitation.

OCTOBER

- language games,
- Group activity based on the unit theme.

Activities :- Grammar puzzles - Jumbled sentence correction

language games :- "word chain" using verbs and adjectives.

- Creat a class story - each child adds a sentence

NOVEMBER

Unit 5 pages of wonder

- story building using pictures: stimulate imagination
- Magic word box :- use 5 fantasy words in a story
- character creation : students draw and describe a made up character
- Role play :- Based on a scene from the unit.

DECEMBER

- Preposition game using objects in the classroom
- Poem writing - "If I had wings"
- story completion worksheet
- letter writing to a character in the story
- Grammar
- writing - story completion

JANUARY

- Reading relay : group reading and answering questions
- Dictation challenge
- Revision of all units
- Practice Tests

FEBRUARY

- Creative writing
- Final revision activities
- creative writing.

MARCH

- Revision , Reflection activity.
- Annual Exam

3. Skills Development plan

- Listening
- speaking
- Reading
- writing

4. Teaching aids

- story books, activity sheets, Flash cards
- Audio visuals for poems and stories
- Interactive games and mobile apps.

5. Evaluation Methods.

- Monthly tests
- classroom participation
- Activity based assessment
- Half yearly and annual exams.

* English language reading (yearly)
* Reader's theatre (Monthly)
* English Magazine (In between 3 months)
* English writing (one's in month)
* English corner.
* English fest

## ക്ലബ്ബ് - 4 ഗണിതം

കളിക്കാം ഗുണിക്കാം

* ലക്ഷ്യം

ഗണിത പഠനം രസകരമാക്കൽ (പ്രശ്നങ്ങൾ ലളിതമാക്കൽ)

* പ്രവർത്തനം :- • വിവിധതരം കളികൾ ആസൂത്രണം ചെയ്യൽ - നടപ്പാക്കൽ
  • മൂല്യനിർണയം
  • ഏണിയും പാമ്പും, ചെസ് കളി)
  • സങ്കലനം - വ്യവകലനം
  • കച്ചവടക്കളി

• കാലയളവ് :- വർഷം മുഴുവൻ.

ഒറിഗാമിയിലൂടെ പഠിക്കാം.

* ലക്ഷ്യം :-

ഗണിത ശാസ്ത്ര പഠനം രസകരമാക്കൽ - കര ചലന ശേഷി വികാസം.

* പ്രവർത്തനം :- ഒറിഗാമി രൂപങ്ങളുടെ നിർമ്മാണം പ്രദർശനം.

* കാലയളവ് :- വർഷത്തിലൊരിക്കൽ.

ഗണിതലാബ് :-

* ലക്ഷ്യം :-

ഗണിത പഠനപ്രവർത്തനം സുതാര്യമാക്കൽ.

* പ്രവർത്തനം :-

ഗണിതലാബ് ഒരുക്കൽ - പഠനത്തിന് ഉപയോഗപ്പെടുത്തൽ.

* കാലയളവ് - വർഷം മുഴുവൻ.

ഗണിതച്ചുവർ :

* ലക്ഷ്യം :-
ഗണിത രൂപങ്ങളുടെ പ്രായോഗിക മൂല്യം തിരിച്ചറിയൽ

* പ്രവർത്തനം :- ഗണിത ചുമർ ഒരുക്കൽ, ഉപയോഗപ്പെടുത്തൽ

